## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2441 — 11.10.2011-ൽ മറുപടിയ്ക്ക്

### എടപ്പാൾ ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഫുൾടൈം അറബിക് അധ്യാപക തസ്തിക

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ.ടി. ജലീൽ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) എടപ്പാൾ ഗവൺമെന്റ് എൽ.പി. സ്കൂളിലെ അറബി പഠിക്കുന്ന കുട്ടികളിൽ 15 പേർ മുസ്ലീങ്ങളും 18 പേർ ഹിന്ദുക്കളുമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) എടപ്പാൾ ഗവൺമെന്റ് എൽ.പി. സ്കൂളിൽ 2011-12- ലെ ഏകദിന പരിശോധന റിപ്പോർട്ട് പ്രകാരം അറബിക് പഠിക്കുന്ന ഹിന്ദു കുട്ടികളുടെയും മുസ്ലീം കുട്ടികളുടെയും എണ്ണം (റോൾ സ്ട്രെംഗ്ത് ) 17 വീതമാണ്. |
| (ബി) ഈ സ്കൂളിലെ ഫുൾടൈം അറബിക് അധ്യാപക തസ്തിക നിലനിർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി) ഫുൾടൈം തസ്തിക നിലവിലില്ല. ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ അറബിക് പഠിക്കുന്ന ശരാശരി 7 മുസ്ലീം കുട്ടികൾ ഉണ്ടെങ്കിലോ അല്ലെങ്കിൽ നാലു ക്ലാസ്സുകളിലും കൂടി ആകെ അറബിക് പഠിക്കുന്ന 28 മുസ്ലീം കുട്ടികളോ ഉണ്ടെങ്കിൽ |

(............2)

ഫുൾടൈം അറബിക് തസ്തിക അനുവദിക്കാം. എന്നാൽ എടപ്പാൾ ഗവൺമെന്റ് എൽ.പി. സ്കൂളിൽ അറബിക് പഠിക്കുന്ന മുസ്ലീം കുട്ടികൾ റോൾ സ്ട്രെംഗ്ത് പ്രകാരം 17 മാത്രമാണ്. ഈ സാഹചര്യത്തിൽ ഫുൾടൈം തസ്തിക അനുവദിക്കുവാൻ സാധിക്കില്ല.

(സി) മുസ്ലീം കുട്ടികൾ മാത്രമേ അറബി പഠിക്കാവൂ എന്ന നിബന്ധന നിലവിലുണ്ടോ ; ഇല്ലെങ്കിൽ എടപ്പാൾ ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഒരു ഫുൾടൈം അറബിക് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(സി) ഇല്ല. കെ.ഇ.ആർ ലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പ്രസ്തുത സ്കൂളിൽ ഫുൾടൈം തസ്തിക അനുവദിക്കാൻ കഴിയുകയില്ല.

സെക്ഷൻ ഓഫീസർ